# അക്കാദമിക മാസ്റ്റർപ്ലാൻ

**G M L P S Arakurssi**
**Mannarkkad**

**2025-26**

# ആമുഖം

## ജി.എം.എൽ.പി.എസ് അരകുർശ്ശി

റവന്യൂ ജില്ല : പാലക്കാട്

ഫോൺ നമ്പർ : 04924 224879

ഇ -മെയിൽ : arakurssigmlps@gmail.com

ക്ലാസ് : Pre-primary to 4

വിദ്യാഭ്യാസ ജില്ല : മണ്ണാർക്കാട്

വിദ്യാഭ്യാസ ഉപജില്ല : മണ്ണാർക്കാട്

ആരംഭിച്ച വർഷം : 1927

അസംബ്ലി നിയോജകമണ്ഡലം : പാലക്കാട്

പാർലമെന്റ് നിയോജകമണ്ഡലം : പാലക്കാട്

താലൂക്ക് : മണ്ണാർക്കാട്

മുൻസിപ്പാലിറ്റി : മണ്ണാർക്കാട്

ആകെ കുട്ടികൾ : പ്രീ പ്രൈമറി -56

1 - 4 :196

# വിദ്യാലയ ചരിത്രം

1927 ൽ സ്ഥാപിതമായ ഈ വിദ്യാലയം മണ്ണാർക്കാടിന്റെ ഹൃദയ ഭാഗത്തുനിന്നും ഏകദേശം അരകിലോമീറ്റർ മാറി Dr . ഷിഹാബുദ്ദീൻ സേവനം അനുഷ്ഠിക്കുന്ന സ്ഥലത്തു വാടകക്കാണ് ആദ്യം പ്രവർത്തിച്ചിരുന്നത് .

പിന്നീട് ആ കെട്ടിടം പൊളിഞ്ഞുവീഴാറായപ്പോൾ അവിടെനിന്നും ദാറുന്നജാത് യതീംഖാന കോമ്പൗണ്ടിലേക് പ്രവർത്തനം മാറ്റേണ്ടി വന്നു .

അതിനുശേഷം 2005 ൽ DPEP യുടെ കാലത്തു ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെ സ്കൂളിന് സ്വന്തമായി 32 സെന്റ് സ്ഥലം വാങ്ങി . ദാറുന്നജാത്ത് യത്തീംഖാനയുടെ പിന്നിലായി സ്കൂളിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കി . ഇപ്പോൾ പ്രീ-പ്രൈമറി മുതൽ 4 വരെ ക്ലാസുകൾ ഈ വിദ്യാലയത്തിൽ ഉണ്ട് .പ്രീ-പ്രൈമറിയിൽ 56 കുട്ടികളും , LP വിഭാഗത്തിൽ 196 കുട്ടികളുമാണ് ഇവിടെ പഠിക്കുന്നത്. 10 ക്ലാസ് മുറികളും ഒരു കമ്പ്യൂട്ടർ റൂമും ഒരു ലൈബ്രറി റൂമും ഒരു ഓഫീസ് റൂമും ഇവിടെ ഉണ്ട് .

# നിലവിലെ അവസ്ഥ

പിന്നിട്ട 98 വർഷങ്ങൾ ഈ വിദ്യാലയത്തിന് നല്ല മാറ്റങ്ങൾ നൽകിയിട്ടുണ്ട് . 10 ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും ലൈബ്രറിയും അടുക്കളയും ഇവിടെ ഉണ്ട് . കുടിവെള്ളം ലഭ്യമാക്കാൻ ടാങ്കുകൾ കെട്ടി ആവിശ്യമായ ടാപ്പുകൾ ഇട്ടിട്ടുണ്ട് . ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം മൂത്രപ്പുരകൾ ഉണ്ട് .

കുട്ടികളിൽ വായനാശീലം വളർത്താൻ ഒരു നല്ല ലൈബ്രറി നമുക്കുണ്ട് . കൂടാതെ ക്ലാസ്സ്റൂം ലൈബ്രറിയും സജീകരിച്ചിട്ടുണ്ട് . സ്കൂൾ തലത്തിൽ കായിക പ്രവർത്തനപരിചയ മേളകൾ സംഘടിപ്പിക്കാറുണ്ട്. വിജയികളെ സോണൽ മത്സരങ്ങളിലും സബ് - ജില്ലാ മത്സരങ്ങളിലും പങ്കെടുപ്പിക്കാനും മികച്ച വിജയം കരസ്ഥമാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട് .മത്സരപരീക്ഷകൾക്കായി പ്രത്യേക പരിശീലനം നൽകി വരുന്നു . കഴിഞ്ഞ വർഷം നമ്മുടെ അഞ്ച്കുട്ടികൾക്ക് L S S ലഭിച്ചു. ഈ വർഷം കൂടുതൽ കുട്ടികൾക്ക് L S S ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു .എല്ലാ വർഷവും മികച്ച വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് എൻഡോവ്മെന്റ് വിതരണം ചെയുന്നു . എല്ലാ ദിനാചരണങ്ങളും സമൂഹ പങ്കാളിത്തത്തോടെ വിപുലമായി നടത്തുന്നു . PTA , SRG കമ്മിറ്റികൾ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്.ഭാരവാഹികൾ കൃത്യമായി യോഗങ്ങളിൽ പങ്കെടുക്കുകയും സ്കൂൾ പ്രവർത്തനങ്ങളുമായി സഹകരിക്കുകയും ചെയുന്നു.

കൂടാതെ ജന പ്രതിനിധികളും ഈ വിദ്യാലയത്തിലെ എല്ലാ പ്രധാന പ്രവർത്തനങ്ങളിലും ആഘോഷങ്ങളിലും സജീവമായി പങ്കെടുക്കുന്നു.

ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി നടത്തുന്നു . 1985 ൽ ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചതു മുതൽ ഉച്ചഭക്ഷണം നല്ലരീതിയിൽ കൊടുക്കാൻ കഴിയുന്നുണ്ട് . ആഴ്ചയിൽ ഒരു ദിവസം കോഴിമുട്ട , രണ്ടു ദിവസം പാൽ എന്നിങ്ങനെ ഉച്ചഭക്ഷണം ചിട്ടയായി നല്കാൻ നമ്മുക്ക് കഴിയുന്നു.

IT സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം നടത്തുന്നുണ്ട് . ഇതിനായി ആവശ്യത്തിന് കംപ്യൂട്ടറുകൾ നമുക്കുണ്ട് . കൂടാതെ മുനിസിപ്പാലിറ്റിയിൽ നിന്നും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ട്.പ്രീപ്രൈമറിയിലേക്ക് SSK വക യായി ഒരു സ്മാർട്ട് ടെലിവിഷനും ലഭ്യമായിട്ടുണ്ട് .

# നേരിടുന്ന വെല്ലുവിളികൾ

അക്കാദമികമായി നിലവിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ (ഭാഷ, മലയാളം, ഇംഗ്ലീഷ് , ഗണിതം , അറബിക്)

- സംസാര വൈകല്യം , പെരുമാറ്റം , ക്ഷമയില്ലായ്മ , ഏകാഗ്രത ഇല്ലായ്മ , നിയമങ്ങൾ  അംഗീകരിക്കാൻ ബുദ്ധിമുട്ട് .

- അക്ഷരങ്ങൾ , ചിഹ്നങ്ങൾ തിരിച്ചറിയനുള്ള പ്രയാസം.

- സുഗമമായ വായന, എഴുത്ത്.

- സംഖ്യാബോധത്തിന്റെ അപര്യാപ്ത ക്രിയാരീതി കണ്ടെത്താനുള്ള പ്രയാസം.

# അക്കാദമികവികസനരേഖ

.....................................

**കുട്ടികളെ എല്ലാ വിഷയത്തിലും മുൻനിരക്കാരായി മാറ്റുകയാണ് അക്കാദമിക മാസ്റ്റർപ്ലാനിന്റെ ലക്ഷ്യം .കൂടാതെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ കുട്ടിയേയും ഓരോ യൂണിറ്റ് ആയി കണ്ടുകൊണ്ടുള്ള പ്രവർത്തങ്ങൾ ആണ് ആസൂത്രണം ചെയ്തിരിക്കുന്നത് . അത്തരത്തിലുള്ള പ്രവർത്തനങ്ങക്ക് ഊന്നൽ നൽകിയാണ് ഈ വർഷത്തെ മാസ്റ്റർ പ്ലാൻ .**

*വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിക്കേണ്ടവ .*

.................................................

*കുട്ടികളുടെ നിലവാരത്തിനനുസരിച്ച ഗ്രൂപ്പുകളാക്കി അവരറിയാതെ തരംതിരിക്കുന്നു .

*ഭിന്ന നിലവാരക്കാരാണെങ്കിലും അവരിൽ ആ ബോധം ഇല്ലാതെ തന്നെ പ്രവർത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നൽകുന്നു .

*പഠനത്തിൽ സ്വല്പം പിറകിലാണെങ്കിലും ഭിന്നതല പ്രവർത്തങ്ങൾ നൽകി എല്ലാ കുട്ടികളെയും മുൻപന്തിയിലെത്തിക്കുന്നു .

*ചിത്രംവര,അഭിനയം ,തുടങ്ങിയ മേഖലകളിൽ
നന്നായി ശോഭിക്കാൻ കഴിയുന്നവരെ ഉൾപ്പെടുത്തി മികച്ചതാക്കൽ

*പാഠഭാഗത്തെ പ്രവർത്തനങ്ങൾ പിന്നോക്കം നിൽക്കുന്നവർക്കും ലഭ്യമാക്കാൻ പാകത്തിൽ അതിലെ പ്രസക്തഭാഗങ്ങൾ തരംതിരിച്ചും ആംഗികാഭിനയം ,ചിത്രീകരണം ,നാടകീകരണം എന്നിവയിലൂടെ എളുപ്പത്തിൽ സജ്ജമാക്കി പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നു.

*ഐ .ടി സാധ്യത ഉപയോഗിച്ച് പഠനം ആകർഷകമാക്കാൻ ഉള്ള പ്രവർത്തനങ്ങൾ

*ഗണിതശേഷി ,പരിപോഷിപ്പിക്കാൻ ഗണിതമൂല ,ഗണിതോപകരണ ശില്പശാല എന്നിവയുടെ സംഘാടനം

*ഉല്ലാസഗണിതം ,ഗണിതവിജയം പ്രവർത്തനങ്ങൾക്ക് മുൻതൂക്കം

*പരിസര ശുചിത്വത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു .

*വ്യക്തി ശുചിത്വ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു .

*ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് വിദഗ്ധരെ ഉൾപ്പെടുത്തി നടത്തൽ

*വിവിധ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ

*പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു (പഴയകാല ഉപകരണങ്ങൾ ,പലഹാരമേള ,നാണയങ്ങൾ )

*കല ക്ലാസ്സുകൾ പ്രാദേശിക കലാകാരന്മാരെ ഉൾപ്പെടുത്തി അവതരിപ്പിയ്ക്കൽ

*പത്രവായന ,ക്ലാസ്സ്പത്രം ,സ്കൂൾ വാർത്ത ബോർഡ് സ്ഥാപിക്കൽ

*ബാലസഭകൾ സംഘടിപ്പിക്കുന്നു ,മികച്ചവ സ്കൂൾ ബാലസഭയിൽ അവതരിപ്പിക്കുന്നു

*വാർഷികാഘോഷവുമായി ബന്ധപ്പെട്ട നൃത്തപഠനം

*കലോത്സവം ,വിവിധ മേളകൾ -പരിശീലനം

*രക്ഷിതാക്കൾക്കുള്ള ശില്പശാല

*വായന മെച്ചപ്പെടുത്താൻ ഉള്ള പ്രവർത്തനങ്ങൾ (ക്ലാസ് ലൈബ്രറി ,അമ്മവായന ,വായനകുറിപ്പ്)

*വായനക്കാർഡ് ,പ്ലക്കാർഡ് ,പോസ്റ്റർ നിർമാണം

*മലയാളത്തിളക്കം പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ

*ഭാഷോത്സവം സംഘടിപ്പിക്കുന്നു ,സംയുക്തഡയറിക്ക് പ്രാധാന്യം

നൽകുന്നു .

*നിശ്ചിത ഇടവേളകളിൽ ക്ലാസ്സ് PTA സംഘടിപ്പിക്കുന്നു

*ഓരോ പാഠത്തിന് ശേഷവും സ്കിറ്റ് ,റോൾപ്ലേ അവതരിപ്പിക്കുന്നു.

ഹലോ ഇംഗ്ലീഷ്,ക്ലബ് പ്രവർത്തനം മെച്ചപ്പെടുത്തുന്നു.

*ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു.

## ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ

........................................................................................................................

സ്കൂളിലെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ PTA ,S M C ,SRG ,MPTA അംഗങ്ങൾ ചേർന്ന് തീരുമാനിച്ചു .അവ നടപ്പിലാക്കാൻ ലോക്കൽ ബോഡികളുടെ സഹായം തേടാനും തീരുമാനിച്ചു .

*സ്റ്റേജ് നിർമാണം

*പ്രീ പ്രൈമറി കുട്ടികൾക്ക് ആവശ്യമായ കളിയുപകരണങ്ങൾ

*പ്രീ പ്രൈമറി ക്‌ളാസ്സുകൾ ആകർഷക മാക്കൽ

*ക്ലാസ്സ് റൂമുകൾ ടൈൽസ് പാകുന്നതിന്

*മെയിൻ ബ്ലോക്ക് ബാക്കിയുള്ള ഭാഗം കൂടി ട്രെസ്സ് വർക്ക് ചെയ്യുന്നതിനും ഗ്രിൽ ഇടുന്നതിനും

## ജൂൺ

ജൂൺ 2 -പ്രവേശനോത്സവം

ജൂൺ 5 -പരിസ്ഥിതി ദിനം

ജൂൺ 13 -SRG

ജൂൺ 19 -വായനാദിനം

ജൂൺ 20 -SRG

ജൂൺ 26 -ലഹരി വിമുക്ത ദിനം ,ജനറൽ ബോഡി

## ജൂലായ്

ജൂലൈ 4 - SRG

ജൂലായ് 5 - ബഷീർ ദിനം

ജൂലായ് 18 -ക്ലാസ് PTA

ജൂലായ് 21 -ചാന്ദ്രദിനം

ജൂലായ് 25 -SRG

## ആഗസ്റ്റ്

ഓഗസ്റ്റ് 1 - SRG

അഗസ്ററ് 6 ,9 - ഹിരോഷിമ നാഗസാക്കി ദിനം

ആഗസ്റ്റ് 12 -സ്കൂൾ ഇലെക്ഷൻ

ഓഗസ്റ്റ് 15 -സ്വാതന്ത്ര്യ ദിനം

## സെപ്റ്റംബർ

സെപ്റ്റംബർ 1 - ഓണാഘോഷം

സെപ്റ്റംബർ 5 - അധ്യാപക ദിനം

സെപ്റ്റംബർ 2 - SRG

സെപ്റ്റംബർ 16- ഓസോൺ ദിനം

സെപ്റ്റംബർ 24 -ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേള ഒക്ടോബർ

## ഒക്ടോബർ

ഒക്ടോബർ 2 - ഗാന്ധിജയന്തി

ഒക്ടോബർ 3 - SRG

അർധവാർഷിക പരീക്ഷ

ഓക്ടോബർ 24 -സ്പോർട്സ്

ഒക്ടോബർ 29 - ക്ലാസ് PTA

## നവംബർ

നവംബർ 1 -കേരളപ്പിറവി

നവംബർ 7 -സിവി രാമൻ ദിനം ,SRG

നവംബർ 14 -ശിശുദിനം

നവംബർ 21 -SRG

നവംബർ 26 -ഭക്ഷ്യമേള

നവംബർ 28 -പാട്ടരങ്ങ്

## ഡിസംബർ

ഡിസംബർ 5 -SRG

ഡിസംബർ 19- SRG

ഡിസംബെർ 20- ക്രിസ്തുമസ് ആഘോഷം

ഡിസംബർ 22 -രാമാനുജജനവരി

## ജനുവരി

ജനുവരി 3 -SRG

ജനുവരി 8 - ക്ലാസ് PTA

ജനുവരി 15 - സ്കൂൾ ടൂർ

ജനുവരി 24 -SRG

ജനുവരി 26 -റിപ്പബ്ലിക് ദിനം

ജനുവരി 31 രക്തസാക്ഷി ദിനം

## ഫെബ്രുവരി

ഫെബ്രുവരി 2 -തണ്ണീർത്തട ദിനം

ഫെബ്രുവരി 7 -SRG

ഫെബ്രുവരി 18 - സ്കൂൾ വാർഷികം

ഫെബ്രുവരി 21 - SRG

ഫെബ്രുവരി 26 -പഠനോത്സവം

ഫെബ്രുവരി 28 -ദേശീയ ശാസ്ത്രദിനം

## മാർച്ച്

മാർച്ച് 6 -SRG

മാർച്ച് 20- SRG

മാർച്ച് 21 - ലോക വന ദിനം

മാർച്ച് 22- ലോക ജലദിനം

മാർച്ച് 23- കാലാവസ്ഥാദിനം

വാർഷികപരീക്ഷ